**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6158** **17-03-2023 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ഖാദി, നെയ്ത്ത് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി, നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിവരങ്ങളും നിലവിലെ ഉൽപ്പാദന ക്ഷമത സംബന്ധിച്ച വിശദാംശങ്ങളും കെട്ടിട സൗകര്യങ്ങളെ പറ്റിയുള്ള വിവരങ്ങളും നൽകാമോ; | (എ) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നെയ്ത്ത് സെന്ററുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) <u>അരുവിക്കര ഖാദി ഉൽപ്പാദന കേന്ദ്രം</u> : നിലവിൽ 5നെയ്ത്തു തൊഴിലാളികൾ ഇവിടെ ജോലി ചെയ്തു വരുന്നു. പ്രതിമാസം 319.18 sq.mtr തുണി ഉല്പാദിപ്പിക്കുന്നു. പുളിയിലക്കര ദോത്തി, എസ്.ബി.ദോത്തി എന്നിവയാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. നിലവിൽ കെട്ടിടം ലീസിലാണ് പ്രവർത്തിക്കുന്നത്. യൂണിറ്റ് കെട്ടിടത്തിന് യാതൊരു മെയിന്റനൻസും ആവശ്യമില്ല. തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. യൂണിറ്റിൽ നിലവിൽ ഒരു വാതിൽ മാറ്റേണ്ടതായിട്ടുണ്ട്.<br><br>(2). <u>ചെറിയകൊണ്ണി ഖാദി ഉൽപ്പാദന കേന്ദ്രം:</u> ചെറിയകൊണ്ണി ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂല്പ്പ് യൂണിറ്റുമാണ് പ്രവർത്തിക്കുന്നത്. നൂൽപ്പ യൂണിറ്റിൽ 18 തൊഴിലാളികളും നെയ്ത്ത് യൂണിറ്റിൽ 14തൊഴിലാളികളുമാണ് ജോലി ചെയ്യുന്നത്. 33 NMC നൂലിന്റെ ഉല്പാദനമാണ് ഇവിടെയുള്ളത്. ചെറിയ കൊണ്ണി നെയ്ത്ത് യൂണിറ്റിൽ NMC മനില ഷർട്ടിംഗ്, NMC കോറ ഷർട്ട്, സിംഗിൾ bedsheet എന്നിവയാണ് പ്രധാനമായും ഉൽപ്പാദിപ്പി ക്കുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. കെട്ടിടത്തിൽ roofing, flooring, plastering , compound wall എന്നിവ ചെയ്യുവാനുണ്ട്.<br><br>(3). <u>ഉഴമലയ്ക്കൽ ഖാദി ഉൽപ്പാദന കേന്ദ്രം:</u> ഈ കേന്ദ്രത്തിൽ നെയ്ത്ത് യൂണിറ്റും നൂല്പ്പ് യൂണിറ്റുമുണ്ട്. നൂല്പ്പ് യൂണിറ്റിൽ 5 തൊഴിലാളികളും നെയ്ത്തിൽ |

| | | | |
|---|---|---|---|
| | | | 8തൊഴിലാളികളുമുണ്ട്. NMC മനില ഷർട്ടിംഗ്, കളർ ദോത്തി എന്നിവയാണ് ടി യൂണിറ്റിൽ ഉല്പാദിപ്പിക്കുന്നത്. ടി യൂണിറ്റിന്റെ കെട്ടിടം ഖാദി ബോർഡിന്റെ സ്വന്തം സ്ഥലത്താണുള്ളത്. സ്ത്രീകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. കെട്ടിടത്തിന്റെ മേൽക്കൂരയ്ക്ക് കേടുപാടുകൾ ഉണ്ട്. കൂടാതെ compound wall, flooring, roofing എന്നിവ ചെയ്യുവാനും കിണർ വൃത്തിയാക്കുവാനുമുണ്ട്. |
| (ബി) | ഈ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും അനുവദിച്ച തുകയും അവയുടെ ചെലവ് ഉൾപ്പെടെയുള്ള വിശദാംശങ്ങളും അറിയിക്കാമോ? | (ബി) | 2016-17-ൽ ചെറിയകൊണ്ണി നെയ്ത്ത് യൂണിറ്റിൽ തറികൾ വാങ്ങുന്നതിനും വാർപ്പിംഗ് ഡ്രം, ക്രീൽ സ്റ്റാന്റ് സ്പെയർപാർട്ട്സ് എന്നിവ വാങ്ങുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ചു. 2017-18-ൽ ചെറിയകൊണ്ണി നെയ്ത്ത് യൂണിറ്റിൽ വൈന്റിംഗ് മെഷ്യൻ, അതിന്റെ മറ്റു ചാർജ്ജ് എന്നിവ ചേർത്ത് 2.26 ലക്ഷം അനുവദിച്ചു നൽകിയത് പൂർണ്ണമായും ആയതിലേയക്ക് വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ